# ത്രോബോൾ ചാമ്പ്യൻഷിപ്പ്

**മട്ടന്നൂർ**

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്, ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് എട്ട്, ഒമ്പത് തീയതികളിൽ മട്ടന്നൂർ എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. മിനി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കുട്ടികൾ 2013 ജനുവരി ഒന്നിനും അതിനുശേഷവും ജനിച്ചവരായിരിക്കണം. എറണാകുളത്ത് നടക്കുന്ന സംസ്ഥാന സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ മത്സരത്തിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ :79027 94080.

മാതൃഭൂമി
കണ്ണൂർ എഡിഷൻ
03/11/2025
Page 3
കോളം 2

# ത്രോബോൾ ചാമ്പ്യൻഷിപ്പ് മട്ടന്നൂരിൽ

**മട്ടന്നൂർ:** ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്, ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 8, 9 തീയതികളിൽ മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. മിനി ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കുട്ടികൾ 2013 ജനുവരി ഒന്നിനും അതിനുശേഷവും ജനിച്ചവരായിരിക്കണം. ഫോൺ: 7902794080.

ദേശാഭിമാനി
കണ്ണൂർ എഡിഷൻ
03/11/2025
Page 3
കോളം 3

# ആക്ടീവ് സ്പോർട്സ് ക്ലബ് ജേതാക്കൾ

**മട്ടന്നൂർ ▸** മട്ടന്നൂർ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺ, പെൺ വിഭാഗത്തിൽ മട്ടന്നൂർ ആക്ടീവ് സ്പോർട്സ് ക്ലബ് ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്എസ്എസ് രണ്ടും മാത്തിൽ എച്ച്എസ്എസ് മൂന്നും സ്ഥാനം നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്എസ്എസ് രണ്ടാം സ്ഥാനം നേടി.

ജില്ലാ സ്പോർട്സ് കൗൺസിൽ നോമിനി സൗപർണിക രമേശ് ഉദ്ഘാടനം ചെയ്തു. ടി.പി. ബഷീർ, ശ്യാം സഹജൻ, വിശാഖ്, ജില്ലാ ത്രോബോൾ അസോസിയേഷൻ ഖജാൻജി എം. ഷംസുദ്ദീൻ എന്നിവർ സംസാരിച്ചു.



▶ ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻമാരായ ആക്ടീവ് സ്പോർട്സ് ക്ലബ് ടീം

മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ക്രസന്റ് ആർട്സ് സ്പോർട്സ് ക്ലബും പെൺകുട്ടികളുടെ വിഭാഗത്തിൽ ആക്ടീവ് സ്പോർട്സ് ക്ലബും ജേതാക്കളായി. ആൺകുട്ടികളുടെ വിഭാഗത്തിൽ മാത്തിൽ എച്ച്എസ്എസ് രണ്ടാംസ്ഥാനവും മട്ടന്നൂർ എച്ച്എസ്എസ് രണ്ടാംസ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്എസ്എസ് രണ്ടാംസ്ഥാനം നേടി. പ്രധാനാധ്യാപകൻ ശ്രീജിത്ത് കുമാർ ഉദ്ഘാടനം ചെയ്തു.

മാതൃഭൂമി
കണ്ണൂർ എഡിഷൻ
11/112025
page 2 കോളം 1,2,3